Tetrahydrofuran on further hydrogenation will yield N—Butanol which could be oxidised to Batyrolactone which on further oxidation gives succinic acid. Succinic acid can be dehydrated to give butadiene which is the starting point for the manufacture of synthetic rubber. Much advancement has taken place in Germany in the preparation of polymers and copolymers of Tetrohydrofuran which can be used as lubricating oils. The multiplicity of reactions based on the flexible qualities of furfural is quite intriguing. As a solvent for cellulose esters and ethers, synthetic rubbers and alkyd resins, chlororesins of the vinyl chloride and vinyledene chloride types, furfural derivations are second to none in the organic field. Batyrolactone which could be derived from furfural according to the scheme outlined before, could be made to react with ammonia to give pyrolidone which on treatment with acetylene yields monomeric vinyl pynolidone. This on polymerisation to polyvinyl pynolidone is the starting point of Peristen—a synthetic blood plasma. Dihydropyran may also be converted into a series of polymers ranging in properties from viscous syrups to hard brittle resins.

The resin and plastics industry in general depend on the availability of large quantities of a chemical or a series of raw materials of a consistent quality. Also the chemicals should be highly reactive, possess good solvent powers, and be cheap. The versatility of furfural and its derivatives is such that it can be used for the manufacture of many condensation and polymerisation resins. The condensation type of resins find us moulding compounds, impregnating solutions bonding agents, coating materials or adhesives. Other types of resinsm ade from furfural derivatives like furfuryl alcohol can be used for making cements, mortaring acid proof bricks, mixing with asbestos or other fillers for the manufacture of chemically resistant fibre board materials.

**BIBLIOGRAPHY.**


1. Ind. Eng. Chemistry— Vol. 40, 1948.
2. Hitchcock— Chemical & Eng. News, June 1948.
3. Unpublished papers—
4. Buck & Boatwright— Ind. Eng. Chem. 39, 695, 1947.
5. Chem. & Met. Eng. 52, 132, (1945)
6. Bryner, Christensen, Fulmer— Ind. Eng. Chem. 28. 206,(1936)

# FACTS THAT INTEREST.

**Houses from Sawdust planned for London.**

London should soon have houses made from sawdust. The wall-board is being made by a process developed by Dr. Donald F. Othmer, Polytechnic Institute of Brooklyn.

Sawdust and shavings can be converted in 12 min. into a material resistant to termites, rot, moisture swelling, and shrinking. The process is inexpensive because no resin is needed to bind the particles together.

Adding a cheap chemical causes the lignin to hold the fibres together as it did in the original wood. Cost of the chemical is only 1/10 to 2/10 of a cent per sq. ft. The material is then pressed between platens.

About 2,000 sq. ft. of wallboard can be made from a ton of waste. For commercial operation, a minimum plant would require about 25 tons a day of wood waste. This would produce $1-million of wallboard a year at a chemical cost of $40,000. Plant cost would be about $4,00,000.

**Net Jet, Rocket Compound.**

A metallic compound for jet and rocket engines to withstand temperatures of 3000°F. has been developed by American Metals Corp. Metal is a zirconium-boron compound. If it can withstand high operating temperatures while simultaneously handling stresses of 50,000–75,000 psi., considerable design data showing the possible benefits through use of higher compression ratios and combustion-heat release can be practically applied.

**Welding of Thermo-couples.**

The usual Thermo-couples consisting of copper, constan, nickel and nichrome cannot be used on engine pistons because of the high incidence of breakage on account of low elasticity of these materials. Even the best couple consisting of annealed steel and constan for temperature measurements of high-speed Diesel engines (1,500 r. p. m.) makes the welding difficult in an ordinary volatic arc, as the steel oxidizes. The essential features of a simple and suitable apparatus invented in Russia for use on engine pistons are described. (Science, 1949, 110, 308).

One of the poles of the source of current (d. c. is preferable) is connected to the terminal through a fuse, knife-switch and resistance. The other pole is connected to a wire dipped into a vessel containing mercury and oil. To weld the couple, the ends of the wires are twisted into a knot, the free end of one of the wires being connected to the terminal. The knot is then dipped into the mercury and rapidly withdrawn. For an instant an arc is formed between the mercury and the wire knot while the latter passes through the oil, and this arc welds the tips of the wires together. An excellent joint is produced as the process takes place in a complete absence of air. Wires of 0.05 to 2·0 mm. diam. can be welded by this method.

**Sound Waves Pump Oil.**

A sonic pump, which lifts fluids by means of sound waves, is now pumping oil from a California oil well. Made by Soundrive, Inc., it is currently under test.

Sound waves, generated by a sinusoidal-wound wave generator, are sent down the tubing at 10 cycles per sec. and 16,000 fpm. They are overtones of the fundamental resonant frequency.

They cause alternate, low-stress expansion and contraction of the tube length. This small change in length moves the oil up the pipe, check valves support the oil column as it is raised.

**Bonds Aluminium to Steel.**

A new method of bonding aluminium to steel for protection against the steel's corrosion has been developed by Reynolds Metal Co. Process involves application of aluminium foil strips to steel by a fine iron coating electrolytically deposited on the steel. Process is continuous. Following the electrolytic batch, steel is heated to 850°F. before aluminium sheets are applied.

**U. S. New Products:**

"The New York Journal of Commerce" reports that more than 1,000 new products, ranging from simple household gadgets to complicated precision machinery, will be manufactured in the United States in 1950. Among the products listed are the newest synthetic chemicals to control and eliminate pests. The study also includes many plastic products with both consumer and industrial applications. Hundreds of items in the welding, radio, television, machine tool, air-conditioning and safety equipment are listed.

**Sugarcane Harvester:**

A new machine has been developed in the United States for harvesting sugarcane. It gathers in cane stalks, strips their leaves, and loads the cane into a cart. Three men tend the machine.

**Clog-Proof Bladeless Pump.**

Employing a helical tube in place of the conventional blades, this new centrifugal pump is practically clog-proof—a problem faced with standard centrifugal pumps. Liquid (and solids if present) is thrown outward by centrifugal force, the liquid moving through the corkscrew-shaped tube.

Tube starts at a small radius at the axis of rotation and fans outward in a helical path. Diameter of the rotating tube at its narrowest point is equal to the diameter of the inlet pipe.

Almost any solid will pass through the pump. Pump does not have to be oversized (it usually takes a 4-in. pump to pass 3-in. solids). First costs are said to be lower, as are maintenance and power costs.

# News & Notes.

## Extrusion Method of Butter Manufacture.

A unique method of manufacturing butter is being tried in Australia with a new Australian machine.

The method involves the use of extreme cold extrusion instead of churning. Milk is handled in the usual way until after it passes through a separator. Then the cream is piped to a special cream separator, which divides it into 80 per cent butter fat and 20 per cent butter fat skim. Butter fat is carried to a vat which standardizes it for salt and moisture content. During the process a portion of the skim is fed back into the butter fat. Then, under vacuum pressure, the butter fat enters the extruder where, in a brine solution at a temperature below zero, it is transferred into butter. The butter comes out of the machine at 30°F.

## Paper Factory in Ceylon:

It is reported that Ceylon Government's paper factory will be set up at Valichcheni, near Batticoloa. The factory's output in the initial stages is estimated at 4,000 tons, which will subsequently be increased to 7,500 tons. The factory will also manufacture bye products such as synthetic boards. According to present plans, it is not proposed to manufacture newsprint, which is primarily supplied by Newfoundland.

## Allocation of Sulphate of Ammonia:

In the allocation of sulphate of ammonia during July 1949 to June 1950, special attention has been given to the requirements of commercial crops. Sixty-eight thousand tons, or more than one-third of the total quantity so far available, have been allocated for tea, coffee, jute and cotton. The quantities allocated are: tea, 30,000 tons; coffee. 5000 tons; jute, 15,000 tons and cotton, 10,000 tons. Apart from these quotas 8,000 tons have been allotted to the United Planters' Association of Southern India. Another 8,000 tons have been allotted to industries in general for various industrial purposes. A substantial increase in the quota for cotton is under consideration. About 1,24,000 tons have been allotted to the Provincial and State Governments for use in the grow-more-food campaign. As a result of devaluation, the price of sulphate of ammonia in the dollar area has increased considerably. Imports of fertilisers were drastically curtailed and therefore the requirements of the Provinces and States have not been met in full.

## Phosphate Fertiliser without $H_2SO_4$.

The Chemical works Heinrichshall, Thuringia, East Germany, is reported to be manufacturing Phosphate fertiliser without the use of Sulphuric acid. Reports in the area state that 50 tons of the product are being made daily. A large works at Rudersdorf near Berlin, with an annual output of 1,50,000 tons is planned to be completed in May.

The new process is stated to be capable of saving 56,000 tons of Sulphuric Acid annually.

## The Mysore Fertiliser Project.

Construction work on the Mysore Government's chemical and fertiliser

project, estimated to cost Rs. 3 crores and capable producing of 25,000 tons of ammonium sulphate and 25,000 tons of nitro-chalk annually, is to commence by the end of this year. The necessary import licence for the plant has been obtained and plans are being finalised in consultation with the Chemical Construction Corp. Ltd. of New York.

### Research on Rice.

The Central Rice Research Institute, Cuttack, has issued a report reviewing its activities since its establishments in September 1946. The Institute has collected over 2,000 species of rice varieties, both of India and abroad with a view to finding out the most prolific strains amongst the early varieties; standardization of the types for cultivation over large areas in the country and for study of the genetics of the crop and exploiting the material for production purposes. A large number of varieties collected have been studied and the performances of some of the promising ones were tested in a number of yield trials. Experiments have indicated the possibility of growing two crops of paddy in the canal irrigated areas of Orissa, where at present only one crop grows. Investigations are still in progress and if they are successful, it would be easy to increase rice production in the province. Other activities of the Institute deal with research on manures for rice cultivation and with the prevention of paddy diseases.

### The X—Ray Microscope.

A New instrument, an x-ray Microscope is being developed by Scientists of the (U. S.) General Electric Company. It does not require samples under study to be in a high vacuum, as does the electron microscope, and because of this, the company hopes it may be possible to examine living materials at much higher magnifications than before.

Clear, sharp x-ray images magnified ten times, are claimed to have been produced and these have again been magnified ten times by photographic enlargement without serious loss of detail.

The microscope consists principally of an x-ray tube and a pair of curved mirrors (platinum coated quartz) which the x-rays strike after having passed through the sample. The mirrors, acting in the manner of a convex lens with a light beam, bend the rays so as to form a magnified x-ray image of the sample on a photographic film.

### French Fertiliser Experiments.

Tests in the North of France using as an agricultural Fertiliser direct anhydrous ammonia are reported to have given completely satisfactory results. Three tests were made on a beet-root cultivation and, taking into consideration local conditions, output of areas treated with anhydrous ammonia was comparable to that of areas treated with sulphate of ammonia or nitrates. Conclusions show that anhydrous ammonia has more rapid action and is more regular in its effect, while the relatively low cost is important. Its use is particularly interesting in connection with beet cultivation which need good deal of nitrogen and less in the case of wheat, which is generally sown over the beet-root and benefits from the residue in the soil. Direct application are also being tried on rape seed but it is still too early to give results.

Other tests concern rice cultivation.

# 1949_ലെ വ്യവസായ പുരോഗതി.

ഇൻഡ്യാ ചരിത്രത്തിൽ സ്മരണീയമായ ഒരു വർഷമാണ് 1949. രാഷ്ട്രീയവും സാമ്പത്തികവുമായി, ഈ വർഷത്തിൽ രാജ്യം നേടിയിട്ടുള്ള പുരോഗതി ഏററവും പ്രധാനമത്രെ.

സാമ്പത്തികരംഗത്തിൽ, ശിഥിലവും പരസ്പരബന്ധമില്ലാത്തതുമായ സംരംഭങ്ങളുടെ കാലം പിന്നിട്ടു്, ഒരു നിശ്ചിത പരിപാടിയനുസരിച്ചുള്ള പുരോഗതിയിലേക്കുള്ള പരിവർത്തനത്തിൻെറ ഘട്ടമാണ് 1949. ഭക്ഷണസാധനങ്ങളുടേയും, നിത്യോപയോഗത്തിനുള്ള സാമഗ്രികളുടേയും ഉല്പാദനം ആവശ്യമായ തോതിലേക്ക് ഇനിയും ഉയർന്നിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണെങ്കിൽ തന്നെയും, ഇതിലേക്കുവേണ്ടിയുള്ള ശ്രമങ്ങൾ വ്യാപകവും, സുദൃഢവുമായിരുന്നെന്ന് സമ്മതിച്ചേ കഴിയൂ. തൽഫലമായി, ഇനിയുമൊരു രണ്ടു വർഷക്കാലത്തിനകമെങ്കിലും ഇൻഡ്യക്ക് സ്വയം പര്യാപ്തത നേടാൻ കഴിയുമെന്ന് ന്യായമായി പ്രതീക്ഷിക്കയുമാവാം.

ഉരുക്ക്, അലൂമിനിയം, കടലാസ്, സിമൻറ്, കൽക്കരി, കാസ്റ്റിക്ക് സോഡാ, ഇലക്ട്രിക് ഉപകരണങ്ങൾ ഇവയുടെ ഉല്പാദനം ഈ വർഷത്തിൽ സാരമായി പുരോഗമിച്ചിട്ടുണ്ടെന്ന് കണക്കുകളിൽനിന്നു കാണുന്നു. ഭവനങ്ങൾ, പാലങ്ങൾ, ജലസേചനപദ്ധതികൾ ഇവയുടെ നിർമ്മാണത്തിന് അത്യന്താപേക്ഷിതമായ സിമൻറിൻെറ ഉല്പാദനം, മൂന്നു പുതിയ സിമൻറ് ഫാക്ടറികളുടെ പ്രവർത്തനാരംഭത്തോടുകൂടി പൂർവ്വാധികം വർദ്ധിച്ചിട്ടുണ്ടു്. കൽക്കരി, കഴിഞ്ഞ വർഷത്തേക്കാൾ പത്തു ലക്ഷം ടൺ അധികം ഉല്പാദിപ്പിക്കാൻ കഴിഞ്ഞു. വ്യാവസായികവികസനത്തിന് അത്യാവശ്യമായ മൌലികസാമഗ്രികളാണ് ഇവയെല്ലാം.

സിഗററ്റ്, തീപ്പെട്ടി, പാദരക്ഷകൾ മുതലായ നിത്യോപയോഗസാധനങ്ങളുടെ നിർമ്മാണം വർദ്ധിച്ചിട്ടില്ലെങ്കിലും അധഃപതിച്ചിട്ടില്ലെന്നുള്ളതു് ചാരിതാർത്ഥ്യജനകമാണ്.

മുൻവർഷത്തേക്കാൾ ക്ഷീണിച്ചുപോയ വ്യവസായങ്ങളുടെ കൂട്ടത്തിൽ അതിപ്രധാനമായതു് പരുത്തിവ്യവസായമാണ്. പഞ്ഞിയുടെ അധികമായ വിലക്കയററം, ചരക്കുകൾ വിററഴിക്കുവാനുള്ള കഴിവുകേടു് ഇവയാണ് ഈ അധഃപതനത്തിൻെറ കാരണങ്ങൾ. അങ്ങിനെ ആകപ്പാടെയുള്ള കണക്കുകൾ കാണിക്കുന്നതു്, ഉല്പാദനവർദ്ധനവാണെങ്കിലും ഈ കണക്കുകൾ, അപഗ്രഥിച്ചുനോക്കിയാൽ വളരെ സന്തുഷ്ടിക്കവകാശമില്ലെന്നുള്ളതു് വ്യക്തമാണ്.

അസംസ്കൃതസാധനങ്ങളുടേയും യാന്ത്രികോപകരണങ്ങളുടേയും ദൌർല്ലഭ്യം, തൊഴിൽകുഴപ്പങ്ങൾ, തല്പരകക്ഷികളുടെ വിദ്ധ്വംസകപ്രക്ഷോഭണങ്ങൾ ഇമ്മാതിരി അനേകമനേകം വൈഷമ്യങ്ങളെ നേരിട്ടുകൊണ്ടാണ് ഇത്രയും മുന്നേറുവാൻ നമ്മുടെ വ്യവസായങ്ങൾക്കു സാധിച്ചതു്.

ഉല്പാദനം വർദ്ധിപ്പിക്കേണ്ടതിൻെറ പ്രാധാന്യതയെക്കുറിച്ചു് ദേശീയ നേതാക്കന്മാർ ആവർത്തിച്ചാവർത്തിച്ചു് പ്രസ്താവിച്ചിട്ടുണ്ടു്. "ഉല്പാദിപ്പിക്കുക അല്ലെങ്കിൽ നശിക്കുക" എന്ന രാജൻബാബുവിൻെറ മുദ്രാവാക്യം ശ്രദ്ധേയമാണ്. നാണയപ്പെരുപ്പത്തിൻെറ ഫലമായി, പ്രതീക്ഷയ്ക്കു വിപരീതമായിട്ടു്, ജനതയുടെ ജീവിതത്തോതു് അതിവേഗം താണുകൊണ്ടിരിക്കുന്നു. വേഗത്തിൽ വിററഴിക്കാറുള്ള പദാർത്ഥങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതുകൊണ്ടു മാത്രമേ ഈ കുഴപ്പത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയൂ.

ഇവിടത്തെ നിലവിലുള്ള വേലക്കൂലിയുടെ ആധിക്യം ഇനാട്ടിലെ വ്യവസായങ്ങളുടെ വളർച്ചയ്ക്കു് ഒരു വലിയ പ്രതിബന്ധമാണെന്ന് ചില സാമ്പത്തികവിദ

ശ്വാന്മാക്കഭിപ്രായമുണ്ട്. ഇംഗ്ലണ്ടിലേയോ അമേരിക്കയിലേയോ തൊഴിലാളിയെക്കാൾ കൂടുതൽ കൂലി ഇന്ത്യൻ തൊഴിലാളിക്ക് കൊടുക്കണമെന്നു മാത്രമല്ല, പ്രവൎത്തനക്ഷമത അവന് തീരെ കുറവാണെന്നുംകൂടിയാണ് ആരോപണം. ഇതു ശരിയാണെങ്കിൽതന്നെയും, കാര്യക്ഷമതയേക്കാൾ കൂലിക്കൂടുതൽ വാങ്ങുന്ന ഇൻഡ്യൻ തൊഴിലാളിയുടെ ജീവിതത്തോതു് വിദേശ തൊഴിലാളിയുടേതിനേക്കാൾ എത്രയോ ചുവടെയാണെന്ന പരമാൎത്ഥം വിസ്മരിക്കത്തക്കതല്ല. ഈ കൂലിക്കൂടുതൽ മദ്ധ്യവൎത്തികൾക്കും അമിതലാഭേച്ഛുക്കളായ കരിഞ്ചന്തക്കാൎക്കും കീശ വീൎപ്പിക്കാൻ മാത്രമാണ് വാസ്തവത്തിൽ ഉപകരിക്കുന്നതു്. ഉല്പാദനം വീണ്ടുംവീണ്ടും കഴിയുന്നത്ര വൎദ്ധിപ്പിച്ചു് സാധനങ്ങളുടെ വില കുറയ്ക്കുകയെന്ന ഒരൊററ പ്രതിവിധിയേ ഈ ദേശീയരോഗത്തിനുള്ളു.

ഉല്പാദനവൎദ്ധനവിൻെറ കാൎയ്യത്തിൽ മൂലധനമാണ് മറെറാരു വലിയ പ്രശ്നം. ഇൻഡ്യയിലെ മൂലധനം ഏതു കാലത്തും പ്രവൎത്തനവിമുഖമായിരുന്നു. നാടൻവ്യവസായങ്ങൾക്ക് അപ്പപ്പോളുണ്ടായിട്ടുള്ള വികസനങ്ങൾ ഒരുകാലത്തും നിക്ഷേപത്തിനുവേണ്ടി തിടുക്കം കൂട്ടിയിരുന്ന മൂലധനസമ്മൎദ്ദംകൊണ്ടുണ്ടായിട്ടുള്ളതല്ല. വികസനത്തിനുള്ള മാൎഗ്ഗങ്ങൾ സുഗമമായി തുറക്കപ്പെട്ടപ്പോൾ മൂലധനം തനിയേ പ്രവൎത്തനോന്മുഖമായിക്കൊള്ളും. നാടൻ മൂലധനത്തിൻെറ ചരിത്രമതാണ്; മേലിലും അങ്ങനെ ആയിരിക്കുമെന്നു് പ്രതീക്ഷിക്കുന്നതിൽ തെററില്ല. പൊതുനയത്തിൻെറ ഭേദപ്പെടുത്തൽകൊണ്ടു മാത്രം, സ്വകാൎയ്യ സംരംഭങ്ങളിലെ നിക്ഷേപണോൽസുകത വൎദ്ധിക്കുമെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ലെന്നു് 'ഈസ്റ്റേൺ എക്ണോമിസ്ററ്' ഈയിടെ ഒരു മുഖപ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

വൻപിച്ച സാമ്പത്തിക സാദ്ധ്യതകൾ നമ്മുടെ നാട്ടിനുണ്ടെന്ന കാൎയ്യത്തിൽ ആൎക്കും അഭിപ്രായവ്യത്യാസമില്ല. ശാസ്ത്രീയമായ പരിപാടിയനുസരിച്ചു് സംഘടിതമായ ഒരു ശ്രമമാണ് ഇവിടെ ആവശ്യം. 1950-ലെ ഉല്പാദനക്കണക്കുകൾ കൂടുതൽ അഭിമാനാൎഹമാക്കുന്നതിന്, സമുദായത്തിലെ നാനാശക്തികൾ—ഉല്പാദനത്തിലെ വിവിധ ഘടകങ്ങൾ—ഊൎജ്ജിതമായി സഹകരിച്ചു് സംഘടിതമായ ഒരു ശ്രമം നടത്തുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു.

---

മിസിസ്സ് സിഡ്നി വെബ്ബ് സന്നിഹിതയായിരുന്ന ഒരു വിരുന്നിൽ വച്ചു് അവരുടെ സമീപത്തിലിരുന്ന ഒരു ചെറുപ്പക്കാരൻ പറഞ്ഞു: "ഈ സ്ത്രീസ്വാതന്ത്ര്യത്തിനെക്കുറിച്ചു് കേൾക്കുന്ന വാദങ്ങൾക്ക് ഒരൎത്ഥവുമില്ല. ഒരു മിടുക്കി ആയിരിക്കുന്നതിനേക്കാളധികം ഒരു സുന്ദരിയായിരിക്കാനാണ് ഏതു സ്ത്രീയും ഇഷ്ടപ്പെടുക."

"വളരെ ശരിയാണ്" മിസിസ്സ് വെബ്ബ് മറുപടി പറഞ്ഞു. അതിനു കാരണമെന്തെന്നാൽ, പുരുഷന്മാരുടെ ഇടയിൽ കുരുടന്മാർ കുറവാണ്; ബുദ്ധിഹീനന്മാർ വളരെ കൂടുതലും."

---

# ധാന്യകൃഷിയും കൃത്രിമധാന്യവും

വി. അച്ചുതമേനോൻ

തിരുവിതാംകൂർ കൊച്ചി ഐക്യനാട്ടിൽ 1951-ൽ എടുക്കപ്പെട്ട സെൻസസ് അനുസരിച്ചു് 90 ലക്ഷം ജനങ്ങൾ ഉണ്ടായിരിക്കുമെന്നു കണക്കാക്കാവുന്നതാണു്. ഇപ്പോഴുള്ള നെൽകൃഷിസ്ഥലങ്ങളും, വനങ്ങളിലും കായലുകളിലും നിന്നു് കൃഷിചെയ്യാവുന്ന സ്ഥലങ്ങളുംകൂടി കണക്കാക്കിയാൽ 9 ലക്ഷം ഏക്കർ നിലത്തിൽ കൂടുതൽ ഉണ്ടായിരിക്കാൻ മാർഗ്ഗമില്ല. ഒരേക്കർ നിലം കൃഷികൊണ്ടു 10 അംഗങ്ങളുടെ ഭക്ഷ്യധാന്യച്ചിലവു വഹിക്കുന്നതു് സാധ്യമല്ല. പൊതുവിൽ എല്ലായിടത്തും 30 മേനി വിളയിച്ചാൽ തന്നെയും 60 ലക്ഷത്തിൽ കൂടുതൽ ജനങ്ങൾക്കു നെല്ലരി കൊടുക്കാൻ സാധിക്കയില്ല. ഇന്നു സാമാന്യമായി 20 മേനി തന്നെയും കണക്കാക്കപ്പെടുവാൻ നിവൃത്തിയില്ലാതിരിക്കെ ആണെങ്കിൽ 20 മേനി വിളവെടുക്കുന്നതിനു ജലസേചനം, വളം, ശരിയായി പാകപ്പെടുത്തപ്പെടുന്ന വിത്തു് നല്ലയിനം ഉഴവുമാടുകളും കൃഷിആയുധങ്ങളും ശാസ്ത്രീയമായ കൃഷിസമ്പ്രദായം, ഇവ ആവശ്യമാണു്. ഇവയെല്ലാം വേണ്ട രീതിയിൽ എത്തുന്നതിനു് അഞ്ചുകൊല്ലത്തെ നിരന്തരവും ശ്രദ്ധാപൂർവ്വവുമായ പ്രയത്നം ആവശ്യമാണു്. ജലസേചനവിഷയത്തിൽ ശ്രീ. ഇക്കണ്ടവാര്യർ വളരെ ശ്രദ്ധാലുവായിട്ടാണു് കാണപ്പെടുന്നതു്. അതാതു സ്ഥലത്തുള്ള കർഷകർ സഹകരണസംഘങ്ങൾ മാർഗ്ഗമായി സംഘടിതപരിശ്രമം ചെയ്യുന്നതായാൽ ചെറിയതരം ജലസേചന പദ്ധതികൾ പരിഷ്കരിക്കപ്പെടുകയും ഇന്നത്തേതിൽ വളരെ അധികം ഉപകാരപ്രദമാക്കുകയും ചെയ്യാവുന്നതാണു്. ചിലയിടങ്ങളിൽ ഇലക്ട്രിസിററി കിട്ടാൻ വഴിയില്ല. ഇലക്ട്രിസിററിയുള്ള പല ഇടങ്ങളിലും പൈപ്പുകൾ കിട്ടാൻ മാർഗ്ഗമില്ല. ഇവ രണ്ടും കിട്ടുന്നിടത്തു് സൌകര്യത്തിനു വെള്ളമില്ല എന്ന നിലയാണു കാണുന്നതു്. നന്നാക്കപ്പെട്ടതായി പറയപ്പെടുന്ന കുളങ്ങളിൽ പലതിലും ഇപ്പോൾ വെള്ളമേയില്ല. പണം ചിലവാക്കാൻ ഗവർമ്മെൻറു തയ്യാറുണ്ടു്. ഭക്ഷ്യധാന്യം വരുത്തുന്നതിനുള്ള പണം, ധാന്യം ഇവിടെത്തന്നെ വളർത്തുന്നതിനു ചിലവാക്കുകയാണു് വേണ്ടതെന്നാണു് കൃഷിവകുപ്പു മന്ത്രിയുടെ അഭിപ്രായമെന്നു കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. ജനങ്ങൾ സംഘടിച്ചു് വേണ്ടപോലെ പ്രവർത്തിച്ചാൽ കുറെ അധികം പ്രയോജനം ഉണ്ടാക്കുവാൻ സാധിക്കുന്നതാണു്.

മുമ്പൊരിക്കൽ ദിവാൻ സർ. സി. പി. രാമസ്വാമി അയ്യർ ചെയ്ത ഒരു പ്രസ്താവന ജനങ്ങളേയും ഇന്നത്തെ ഗവർമ്മെൻറിനേയും അനുസ്മരിപ്പിക്കേണ്ടതു് ആവശ്യമാണെന്നു കാണുന്നു. വലിയ പണച്ചിലവും പ്രയത്നവും ചെയ്തു സാധിക്കേണ്ട വൻപദ്ധതികൾക്കു പകരം ചെറിയ ചെറിയ റിസർവായർകൾ നാട്ടിൽ ധാരാളമായി പല ഇടങ്ങളിലും നദികളോടു ബന്ധിക്കപ്പെട്ടുണ്ടാകുമെന്നും അവയിൽനിന്നു് കൃഷിക്കു വെള്ളം കൊടുക്കുന്നതിനു പുറമെ ചെറിയതരം വൈദ്യുതപദ്ധതികളും നിർമ്മിക്കപ്പെടാമെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായിട്ടുണ്ടു്: ഈ നാട്ടിലെ നദികളുടെ കിടപ്പു് ഇതിനു വളരെ അനുകൂലമാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. ഈ വിഷയത്തെ സംബന്ധിച്ചു് വേണ്ട അന്വേഷണം നടത്തി വിപുലമായ പദ്ധതി തയ്യാറാക്കി പ്രവർത്തിക്കേണ്ടതാണു്. ജപ്പാനിലും ചെറിയ വൈദ്യുത പദ്ധതികളാണു് ധാരാളമായി പ്രവർത്തനം നടത്തുന്നതു്.

മറെറാരു പ്രധാന വിഷയത്തിലേക്കും ഗവർമ്മെൻറിൻെറയും ജനങ്ങളുടെയും ശ്രദ്ധ ആകർഷിക്കേണ്ടിയിരിക്കുന്നു. കൃ

ത്രിമ ഭക്ഷ്യധാന്യം ഉണ്ടാക്കുന്നതു് സാധ്യമാണെന്നും ഇന്നത്തെ അരിവിലയിൽ കുറഞ്ഞ വിലക്കു് അതു വിതരണം ചെയ്യാവുന്നതാണെന്നും ഇൻഡ്യാ ഗവണ്മെൻറിൻെറ വകയായി മൈസൂർ നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള ആഹാരസാങ്കേതിക ഗവേഷണശാലയിലെ (Food Technology Laboratory) പരീക്ഷണങ്ങൾ, തെളിയിച്ചിട്ടുണ്ടു്. അതിൽ ഒരു ഭാഗം മരച്ചീനിമാവു ചേർക്കാവുന്നതാണെന്നു തെളിവായതു നമ്മുടെ ഭാഗ്യമാണു്. കുറെനാളുകളായി ചവ്വരിയും വെർമിസെല്ലിയും മരച്ചീനിമാവുകൊണ്ടു്, തൃശ്ശിവപേരൂരും തിരുവനന്തപുരത്തും ഉണ്ടാക്കപ്പെട്ടുവരുന്നതിനാൽ മരച്ചീനിമാവു ചേർത്തു് ഭക്ഷ്യധാന്യം നിർമ്മിക്കാമെന്നു ഇപ്പോൾ കണ്ടുപിടിച്ചതിൽ അത്ഭുതത്തിനു വകയില്ല. മധുരക്കിഴങ്ങുകളും മരച്ചീനിമാവുപോലെ ധാന്യനിർമ്മാണത്തിനു പററിയതാണു്. വേവിക്കുന്നതിനു കട്ടപ്പുമുള്ള ധാന്യമാക്കണമെങ്കിൽ ചോളം മുതലായ ധാന്യങ്ങളുടെ (Millets) മാവും അതിൽ ചേർക്കേണ്ടതു് ആവശ്യമാണു്. ഈ ധാന്യങ്ങൾ രണ്ടുതരത്തിലാണുണ്ടാക്കപ്പെടുന്നതു്. ഈ മാവുകൾ കൂട്ടിച്ചേർത്തു വേവിച്ചു സേവനാഴിപോലുള്ള ദ്വാരങ്ങളോടുകൂടിയ പാത്രങ്ങളിൽകൂടി ഞെരുക്കിയെടുത്തു് ഉണക്കി യന്ത്രസഹായത്തോടുകൂടി അരിപ്രമാണം നുറുക്കിയെടുത്തു് വീണ്ടും ഉണക്കിയാൽ അരിപോലെതന്നെയിരിക്കും. അരിപോലെ വേവിച്ചാൽ സ്വാദോടുകൂടി ഉണ്ണാം, രണ്ടാമത്തെ മാർഗ്ഗമിതാണു്: ഏതാണ്ടു പകുതി ഉണക്കും നനവുമുള്ള ധാന്യം തുണിയിട്ടിട്ടുള്ള മുറംപോലുള്ള പാത്രത്തിൽ (tray) ഇട്ടു് അരമണിക്കൂർ പാററുമ്പോൾ ധാന്യങ്ങളായി രൂപാന്തരപ്പെട്ടും. അവയെ വീണ്ടും വറത്തെടുത്തു് കാററുകൊള്ളുന്ന അട്ടപ്പിൽ വെച്ചുണക്കുക. ഇവ അധികനാൾ കേടുകൂടാതെ ഇരിക്കുന്നതും അരിപോലെ പാചകയോഗ്യവുമാണു്. ഇവ ജീവകങ്ങളും, ഉപ്പും, ചുണ്ണാമ്പുവെള്ളവും ചേർത്തുണ്ടാക്കപ്പെടുന്നതായാൽ നല്ല പോഷകാഹാരമായിരിക്കും. ഇവ ഗൃഹങ്ങളിലോ വ്യവസായശാലകളിലോ നിർമ്മിക്കപ്പെടാവുന്നതാണു്. തിരുവിതാംകൂർ സർവകലാശാലയുടെ ഗവേഷണശാലയിൽ, മൈസൂർ ഗവേഷണശാലയിൽനിന്നും പരിശീലനത്തിനു വരുത്തുന്ന ഒരു വിദഗ്ദ്ധനെക്കൊണ്ടു് ഈ മാതിരി ധാന്യം ഉടൻ നിർമ്മിക്കപ്പെടേണ്ടതാണു്. ഇവിടെ വിജയകരമായവിധം ഈ കൃത്രിമ ഭക്ഷ്യധാന്യം നിർമ്മിക്കപ്പെട്ടാൽ ഒരു പബ്ലിക്കു് സ്ഥലത്തുവച്ചു് ഏതാനും ദിവസം പ്രദർശനം നടത്തേണ്ടതാണു്. നമ്മുടെ ആളുകൾ വളരെ വേഗം കാര്യങ്ങൾ മനസ്സിലാക്കി ഈ കൃത്രിമ ധാന്യം ധാരാളമായി ഉണ്ടാക്കുന്നതാണു്. എന്നാൽ മായം ചേർക്കുന്നതിനെ തടയാനും കണ്ടുപിടിച്ചു ശിക്ഷിക്കാനും നിയമനിർമ്മിതിയും ഉടനെ ആവശ്യമായി വരും. ഈ കൃത്രിമ ധാന്യനിർമ്മാണം സാധ്യമാക്കി അരി വരുത്താനായി പുറത്തേക്കയക്കപ്പെടുന്ന പണം ഗവണ്മെൻറ് ലാഭപ്പെടുത്തുമാറാകട്ടെ.

---

ഭർത്താവു് ചന്തയ്ക്കു പോകാൻ ഭാവിക്കയായിരുന്നു. ഭാര്യ ഓർമ്മപ്പെടുത്തി "കൈതച്ചക്ക കൊണ്ടുവരാൻ മറക്കരുതേ! എൻെറ അമ്മക്കു് അതെത്ര കാര്യമാണെന്നോ. ഒരു കൈതച്ചക്കയ്ക്കുവേണ്ടി അവർ പകുതി ജീവൻ കളയും."

"ആ ഹാ! അങ്ങിനെയോ? എന്നാൽ ഞാൻ രണ്ടെണ്ണം കൊണ്ടുപോരാം."

---

# മൂന്നു വർഷത്തെ ഗ്യാസ് നിർമ്മാണം

പി. കെ. ശേഷൻ,
ഗ്യാസ് ഡിവിഷൻ സൂപ്രണ്ടു്.

ഫാക്ടിലെ ഗ്യാസ് അടുപ്പിൽ ആദ്യമായി തീ കത്തിച്ചതു് 1947 ജനുവരി 27-ാംതിയതിയാണു്. ഫെബ്രുവരി എട്ടാംതീയതിയോടുകൂടി ശുദ്ധമായ ഗ്യാസ് നിർമ്മിക്കാൻ സാധിച്ചു. അതിൽപിന്നീടു് ഇന്നുവരെ മൂന്നുവർഷക്കാലമായി ഈ പ്ലാൻറിൽ നിരന്തരമായി ഗ്യാസ്‌നിർമ്മാണം നടന്നുവരുന്നു. ആരംഭകാലത്തു് ഈ വ്യവസായ ശാഖയെക്കുറിച്ചുള്ള പ്രായോഗികപരിജ്ഞാനം ആർക്കുംതന്നെ ഇല്ലായിരുന്നെങ്കിലും, വളരെ തൃപ്തികരമായും കാര്യക്ഷമമായും പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയുന്നുണ്ടെന്ന കാര്യം അത്യന്തം അഭിമാനകരമാണു്. ഈ കാലത്തിനിടയിൽ നേരിടേണ്ടിവന്ന അനേകം പ്രശ്നങ്ങളെ വിജയപൂർവ്വം തരണം ചെയ്യാൻ പ്രവർത്തകർക്കു സാധിച്ചു.

ലോകത്തിലെ ഗ്യാസ് നിർമ്മാണചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായമാണു് ഫാക്ടിൽ ആരംഭിച്ചതു്. വെറും താഴ്ന്നതരം വിറകായ തടിയിൽനിന്നു് ഗ്യാസ് നിർമ്മിക്കാൻ ശ്രമിക്കുന്നതു് ഇതാദ്യമായിട്ടാണു്. ഇത്ര ഭീമമായ ഒരു പദ്ധതി—പ്രതിദിനം 250 ടൺ വിറകിൽനിന്നു് 18 കോടി ക്യൂബിക്കടി ഗ്യാസ് ഉൽപ്പാദിപ്പിക്കാവുന്നതു്— ലോകത്തിൽ ഇതിനുമുമ്പു് ഉണ്ടായിട്ടില്ല. ഈ യന്ത്രശാലയുടെ നിർമ്മാതാക്കളായ പവ്വർ ഗ്യാസ് കോർപ്പറേഷനു്, ഈ പദ്ധതിയെകുറിച്ചുണ്ടായിരുന്ന പ്രത്യാശകൾ പരിപൂർണ്ണമായിട്ടും സഫലമായെന്നുമാത്രമല്ല, ആ പ്രത്യാശകളെ അതിലംഘിക്കത്തക്ക പ്രവർത്തനവിജയം നേടുവാൻ ഇവിടെ സാധ്യമായെന്നുള്ളതും ഒരു ചില്ലറ കാര്യമല്ല. വിലയേറിയ പ്രായോഗികപരിജ്ഞാനം ഇവിടെ ധാരാളമായി ലഭിച്ചിട്ടുണ്ടു്. ഈ വിജയം ഇമ്മാതിരിയുള്ള മററു പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഒരു വലിയ പ്രോത്സാഹനവും പ്രേരണയുമായി തീർന്നിരിക്കുന്നു. കരിയുടെ അംശങ്ങൾ അടങ്ങിയിട്ടുള്ള മിക്കവാറും എല്ലാസാധനങ്ങളിൽനിന്നും വാതകോല്പാദനം സാധിക്കാമെന്ന ഒരു നിലവരെ ഈ തുറയിലെ ശാസ്ത്രജ്ഞാനം പുരോഗമിച്ചിട്ടുണ്ടു്.

ഈ സംഗതികളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ പ്ലാൻറിൻെറ വിശദാംശങ്ങൾക്കു് അല്പാല്പം ചില ഭേദഗതികൾ വരുത്തേണ്ടിവന്നു എന്നതിൽ അതിശയിക്കാനില്ല. പ്രധാന ഘടകങ്ങൾക്കു് യാതൊരു വത്യാസവും വരുത്തേണ്ടിവന്നില്ലെന്നുള്ളതു് നിർമ്മാതാക്കളുടെ വൈദഗ്ദ്ധ്യത്തിനു് മകുടോദാഹരണമാണു്.

ചാരം, ടാർ മുതലായവ സംഭരിക്കുന്നതിനുള്ള ഏർപ്പാടുകൾ, ചില രക്ഷാവ്യവസ്ഥകൾ എന്നീ ചുരുക്കം ചില പദ്ധതികൾകൂടി സംയോജിപ്പിക്കേണ്ടിവന്നു. ക്ലിങ്ങ് ടവ്വറിൻെറ വൈദ്യുതപങ്ക തിരിക്കുവാൻ ചങ്ങല ഉപയോഗിച്ചുള്ള ആദ്യത്തെ ഏർപ്പാടിനു പകരം 'വി ബെൽട്ടു്' ഉപയോഗിക്കുന്നതു് കൂടുതൽ കാര്യക്ഷമമാണെന്നു മനസ്സിലാക്കി, അങ്ങിനെയൊരു ഭേദഗതികൂടി നടപ്പാക്കിയിട്ടുണ്ടു്. അങ്ങിനെ വിശദാംശങ്ങളിലെ ഭേദഗതികൾ വേറെയും അനവധിയുണ്ടു്.

വാതകത്തിൽനിന്നു് ടാറിൻെറ അംശങ്ങൾ വേർതിരിച്ചെടുക്കാൻ ആദ്യമാദ്യം വിഷമം നേരിട്ടിരുന്നു. സോഡാ ആഷ് കലക്കിയ വെള്ളമുപയോഗിച്ചുള്ള ശുദ്ധീകരണംമൂലം ടാറിൻെറ അംശങ്ങൾ ഘനീഭവിപ്പിച്ചു് വേർതിരിക്കുവാൻ സാധിച്ചു.

ആരംഭകാലത്തു് ഇലക്ട്രിക്ക് ക്രെയിനും ഇരുമ്പുതൊട്ടികളുമുപയോഗിച്ചാ

ണ് വിറക് ഉയത്തിയിരുന്നതു്. 1947 ഡിസംബറോടുകൂടി കൺവെയർ പണിതീന്നു. അതോടെ പ്ലാൻറ്പ്രവത്തനത്തിൽ മനുഷ്യപ്രയത്നം വളരെ ലഘൂകരിക്കാൻകഴിഞ്ഞു.

കാട്ടിൽനിന്നു ലഭിക്കുന്ന വിറകു് (മൂന്നടി നീളത്തിൽ) അതേമാതിരി ഉപയോഗിച്ചിരുന്നതു്, ഇഷ്ടികപ്പണികളുടെ കേടുപാടിനും, ഗ്യാസിൻെറ ശുദ്ധിക്കുറവിനും, ചൂടു കൂടുതലിനുമെല്ലാം കാരണമായിരുന്നു. അറപ്പുയന്ത്രങ്ങൾ പ്രവത്തനമാരംഭിച്ചതോടുകൂടി 18 ഇഞ്ചു നീളത്തിൽ വിറകു മുറിച്ചെടുത്തുപയോഗിച്ചു് ഈ ദൂഷ്യങ്ങൾ പരിഹരിക്കാൻ സാധിച്ചു. അങ്ങിനെ ആദ്യകാലത്തു് ഒരു വിഷമപ്രശ്നമായിരുന്ന വിറകിൻെറ കാര്യം ഇന്നൊരു പ്രശ്നമേ അല്ലാതായിത്തീന്നിട്ടുണ്ടു്. നാലിഞ്ചു വണ്ണത്തിലും മൂന്നടി നീളത്തിലുമുള്ള കാട്ടുകമ്പുകൾപോലും ഇപ്പോൾ വാതകീകരണത്തിന് ഉപയോഗിച്ചുവരുന്നുണ്ടു്. ആദ്യമൊക്കെ 700 ഡിഗ്രിവരെ ഉയന്നിരുന്ന ഗ്യാസിൻെറ ചൂടു് 500 ഡിഗ്രിയിൽ താഴെവരെ നിയന്ത്രിച്ചെടുക്കുവാനും സാധിച്ചു.

പ്രൊഡ്യൂസർ പ്ലാൻറിൽ ലഭിച്ച പരിജ്ഞാനവും പരിചയവും, ഹൈഡ്രജൻ പ്ലാൻറിലും പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. ആദ്യത്തെ പ്ലാനനുസരിച്ചു് ഹൈഡ്രജൻ പ്ലാൻറിൽ ഒരേ സമയത്തു് അഞ്ചുടുപ്പുകൾ ഒരുമിച്ചു പ്രവത്തിക്കേണ്ടിയിരുന്നു. ഇപ്പോൾ മൂന്നടുപ്പുകളുടെ പ്രവത്തനംകൊണ്ടുമാത്രം ആവശ്യത്തിനുള്ള ഹൈഡ്രജൻ ഉല്പാദിപ്പിച്ചുപോരുന്നുണ്ടു്.

ഉപോൽപ്പന്നമായി ലഭിച്ചുവരുന്ന ചാരം കൺട്രാക്ടർമാർക്കു് വിൽക്കുകയാണു പതിവു്. അവർ അതു കാർഷികാവശ്യങ്ങൾക്കു് ഉപയോഗിച്ചുവരുന്നു.

താർമഷിയാണു് മറെറാരു ഉപോൽപ്പന്നം. ഇതു് ഇനിയും കാര്യമായി ഉപയോഗിച്ചുവരുന്നില്ല. 1948-ൽ ടാർ അധികവും ബോയിലർ ഹൌസിൽ എണ്ണ ചേർത്തു് കത്തിച്ചുനോക്കി. ഇതു വളരെ പ്രയോജനപ്രദമല്ലെന്നാണു് അനുഭവപ്പെട്ടതു്. അതുകൊണ്ടു് 1949-ലെ ടാർ മുഴുവൻ സംഭരിച്ചുവച്ചിരിക്കയാണു്. ടാർ, അറക്കപ്പൊടി, മരപ്പൂളുകൾ, മരപ്പട്ട ഇവ കത്തിച്ചു് പ്രവത്തിക്കാവുന്ന ഒരുതരം പുതിയ 'ലൻകാഷയർ ബോയിലർ' സ്ഥാപിച്ചിട്ടുണ്ടു്. ഇങ്ങിനെ കത്തിക്കുന്നതിനു മുമ്പ് ഈ ടാറിലടങ്ങിയിട്ടുള്ള ഫിനോൾ മുതലായ സാമഗ്രികൾ വേർതിരിച്ചെടുക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടു്. മററു രാസവസ്തുക്കൾ ചേർത്തു് ടാറിൻെറ പതം വർദ്ധിപ്പിക്കാൻ കഴിയുമോ എന്നറിയുന്നതിനുള്ള ഗവേഷണങ്ങൾ തുടന്നുകൊണ്ടിരിക്കുന്നു. അപ്രകാരം പശിമ വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ കോൾടാറുപോലെതന്നെ റോഡുപണികൾക്കു് ഇതു ഉപയോഗപ്പെടുത്താൻ സാധിക്കും.

ഗ്യാസു് കഴുകിവരുന്ന വെള്ളം എന്തു ചെയ്യേണ്ടുവെന്നതു് ഇപ്പോഴും ഒരു പ്രശ്നമാണു്. ഇരുണ്ട നിറമുള്ള ഈ വെള്ളത്തിൽ 0.5 മുതൽ 0.8 ശതമാനം വരെ ഫിനോൾ അടങ്ങിയിട്ടുണ്ടു്. ഇതു് വേർതിരിച്ചെടുത്തതിനു ശേഷം മാത്രം ഈ വെള്ളം ആററിലേക്കു് ഒഴുക്കിവിടുന്നതിനു് ഒരുക്കങ്ങൾ ചെയ്തുവരുന്നു. ഈ വിലയേറിയ രാസവസ്തുക്കൾ വേർതിരിച്ചെടുക്കുന്ന കാര്യത്തിൽ അടുത്ത മാസങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതായിരിക്കും.

പ്രാഥമികമായിട്ടു് ഒരു 'ഗ്യാസു്പ്ലാൻറു്' ആയി സ്ഥാപിക്കപ്പെട്ടെങ്കിലും ടാറിൻേറയും അതിൽനിന്നെടുക്കാവുന്ന ഉപോല്പന്നങ്ങളുടേയും സംഭരണ-പ്രയോജനങ്ങൾ വികസിക്കുന്നതോടുകൂടി ഉല്പന്നങ്ങളുടെ പ്രാധാന്യത്തിനു് ഗണ്യമായ പരിവത്തനങ്ങൾ വന്നേക്കാനിടയുണ്ടു്. അസററിക്കു് ആസിഡ്, മിതയിൽ ആൽക്കഹോൾ, അസിടോൺ, ക്രിസോട്ടു് മുതലായ ദുർല്ലഭങ്ങളായ ചില രാസവസ്തുക്കൾകൂടി ഗ്യാസിൻെറ ഉപോൽപ്പന്നങ്ങളായി ഉല്പാദിപ്പിക്കാൻ സാദ്ധ്യതയുണ്ടു്. ഭാവിയിൽ സാങ്കേതികമായിസവ്വവ്യാപകമായ വികസന സാദ്ധ്യതകളുള്ള ഒരു ഗ്യാസു് പ്ലാൻറാണു് ഫാക്ടിൽ പ്രവത്തിക്കുന്നതു്.

# കാശ്മീരിലെ പട്ടുവ്യവസായം.

അഭിവൃദ്ധികൊണ്ടും പ്രശസ്തികൊണ്ടും കാശ്മീരിലെ വിവിധ വ്യവസായങ്ങളുടെ മുന്നണിയിൽ നില്ക്കുന്ന ഒന്നാണു് പട്ടുവ്യവസായം. യുദ്ധത്തിനു മുമ്പ് ഇൻഡ്യൻ വിപണികളിൽ ചൈനാ സിൽക്കിനുണ്ടായിരുന്ന പ്രചാരം യുദ്ധത്തിനുശേഷം കാശ്മീർ സിൽക്കുകൾ കരസ്ഥമാക്കിയിരിക്കുന്നു.

യുദ്ധകാലത്തു് സിൽക്കിൻെറ കയറ്റുമതി അമിതമായി വർദ്ധിച്ചതോടുകൂടി കാശ്മീർ സിൽക്കു് വ്യവസായത്തിനും വളരുവാൻ സൗകര്യം ലഭിച്ചു. യുദ്ധാവശ്യങ്ങൾക്കു് പാരച്യൂട്ടുകൾ, മററു സിൽക്കുതരങ്ങൾ ഇവ നിർമ്മിച്ചു് കാശ്മീർ ഗവണ്മെൻറു് സിൽക്കു് ഫാക്ററി പ്രതിവർഷം ഒരു കോടി രൂപാവീതം ഗവണ്മെൻറിലേക്കു് വരുമാനമുണ്ടാക്കിക്കൊണ്ടിരുന്നു. ഈ വ്യവസായശാല, ലോകത്തിലെ ഏററവും വലിയ സിൽക്കു് ഫാക്ററികളിൽ ഒന്നാണെന്നുള്ളതും പ്രസ്താവ്യമാണു്.

സെയിൻ-ഉൽ-അബ്ഡിൻ എന്ന രാജാവു് 15-ാം നൂററാണ്ടിൽ ഈ വ്യവസായം കാശ്മീരിൽ ഏർപ്പെടുത്തി. കാശ്മീരിലെ ശീതോഷ്ണാവസ്ഥ പട്ടുനൂൽപ്പുഴുക്കളെ വളർത്തുന്നതിനു് അനുയോജ്യമാണു്. മാത്രമല്ല, പുഴുക്കൾക്കു് വളരാനുള്ള മൾബെറിച്ചെടികൾ കാശ്മീരിലെ താഴ്‌വരകളിൽ സമൃദ്ധിയായുണ്ടു്. സെയിൻ-ഉൽ-അബ്ദീൻ രാജ്യത്തു് പുതിയ തൊഴിലുകളുണ്ടാകേണ്ടതിൻെറ ആവശ്യം മനസ്സിലാക്കി, പേർസ്യ മുതലായ വിദേശങ്ങളിൽനിന്നു് വിദഗ്ദ്ധന്മാരായ പട്ടുനെയ്ത്തുകാരെ വരുത്തി, അവർക്കു് സകല സൗകര്യങ്ങളും ചെയ്തുകൊടുത്തു. അങ്ങിനെ കാശ്മീരിൽ താമസമാക്കിയ വൈദേശിക വിദഗ്ദ്ധന്മാർ, പാരമ്പര്യമായി അവർക്കു ലഭിച്ചിരുന്ന കരകൗശലചാതുര്യം കാലക്രമത്തിൽ അവിടത്തുകാരെയും അഭ്യസിപ്പിച്ചു. ഇന്നും കാശ്മീരിലുള്ള ചില നെയ്ത്തുകാർ, ഈ വിദേശികളുടെ പാരമ്പര്യം അവകാശപ്പെടുന്നുണ്ടു്.

മുകിലചക്രവർത്തിമാരുടെ ഭരണകാലത്തും കാശ്മീർ പട്ടുവ്യവസായം അഭിവൃദ്ധിപ്പെട്ടു. മുഗൾരാജധാനിയിലെ വിശ്രുതകളായ വിലാസിനികൾ നേർമ്മയേറിയ കാശ്മീർ പട്ടുടയാടകൾ മാത്രമേ ധരിക്കുമായിരുന്നുള്ളു. അക്കാലത്തെ പ്രഭുക്കന്മാരും കാശ്മീർ പട്ടുകളോടു് പ്രത്യേക പ്രതിപത്തി പ്രദർശിപ്പിച്ചിരുന്നു.

കാശ്മീർ പട്ടുകളുടെ പ്രചാരത്തിൻെറ ഒരു പ്രധാന കാരണം അവയിലെ സുന്ദരങ്ങളായ ചിത്രവേലകളാണു്. പുഷ്പങ്ങളും പച്ചിലകളും നാനാവർണ്ണത്തിൽ മികച്ച കലാചാതുരിയോടുകൂടി പട്ടുകളിൽ തുന്നിച്ചേർത്തിട്ടുണ്ടാകും. 'അമ്ലി' എന്ന പേരിൽ അറിയപ്പെടുന്ന അതിപ്രധാനമായ ഒരു തുന്നൽപണി കാശ്മീരിൽ പ്രചാരത്തിലുണ്ടു്. പശ്ചാത്തലത്തിൻെറ ഒരു ശകലംപോലും പുറത്തു കാണാത്തവിധം ചിത്രങ്ങൾ തുന്നിയെടുക്കുന്ന ഒരു തരം വിദഗ്ദ്ധവേലയാണിതു്.

1947-ൽ ലഹളക്കാരുടെ ആക്രമണത്തോടുകൂടി ഈ വ്യവസായം ശിഥിലമായിപ്പോയി. പല വ്യവസായശാലകളും അടച്ചു പൂട്ടിയിടേണ്ടിവന്നു. നെയ്ത്തുകാരിൽ വളരെ പേർക്കു് പണിയില്ലാതായി. ഈ തകർച്ച രാജ്യത്തിൻെറ സാമ്പത്തികഭദ്രതയെത്തന്നെ കണ്ടമാനം താറുമാറാക്കി.

1948-നുശേഷം ഈ നില വളരെ പരിഹരിക്കുന്നതിനു സാധിച്ചിട്ടുണ്ടു്. തൊഴിൽ നഷ്ടപ്പെട്ട നെയ്ത്തുകാർക്കും തറിയുടമസ്ഥന്മാർക്കും ഗവണ്മെൻറിൽനിന്നു് നിരവധി ആനുകൂല്യങ്ങൾ അനുവദിച്ചു. നെയ്ത്തുകാർ സ്വന്തം തറി സ്ഥാപിക്കുന്നതി

നെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ആദ്യംമുതല്ക്കേ ഗവമ്മെൻറിൻെറ നയം. അവക്കു സൗജന്യമായി പട്ടുനൂൽ ലഭിക്കുന്നതിനുള്ള ഏപ്പാടുകൾ സക്കാരിൽനിന്നും ചെയ്തുകൊടുത്തു. നൂറോളം പട്ടുനെയ്ത്തുകാക്കു ഈ പദ്ധതിയനുസരിച്ചു് ആനുകൂല്യം ലഭിക്കുകയുണ്ടായി.

നെയ്ത്തുകാക്കു സൗജന്യമായി പട്ടുനൂൽ നൽകാൻ ഗവമ്മെൻറു് സിൽക്കു് ഫാക്ടറിയെ ചുമതലപ്പെടുത്തി. നെയ്തെടുക്കുന്ന പട്ടുകൾ വിററഴിക്കുന്നതിൻെറ കാര്യത്തിലും സക്കാരിൽനിന്നു് സഹായസഹകരണങ്ങൾ നൽകിവരുന്നുണ്ടു്. നെയ്ത്തുകാരുടെ കൂലി ക്ലിപ്തപ്പെടുത്തിയതോടുകൂടി ഓരോ തൊഴിലാളിക്കും പ്രതിമാസം ശരാശരി നൂറു രൂപാ ആദായം ലഭിക്കുന്നുണ്ടു്. ആവശ്യമായതോതിൽ പട്ടുനൂൽ ലഭിക്കുന്നതിലേക്കു ജപ്പാനിൽനിന്നു് 1,30,000 lbs. അസംസ്കൃതമായ പട്ടുനൂൽ ഇറക്കുമതി ചെയ്യാനുള്ള ഏപ്പാടു് ഗവമ്മെൻറിൽനിന്നും ചെയ്തിട്ടുണ്ടു്.

ഇപ്പോൾ പ്രതിവഷം $1\frac{1}{2}$ ലക്ഷം റാത്തൽ പട്ടുതരങ്ങൾ നിമ്മിച്ചുവരുന്ന ഈ വ്യവസായം, ഏകദേശം ആറായിരം നെയ്ത്തുകാക്കും മററനവധി തൊഴിലാളികൾക്കും തൊഴിൽ നൽകിവരുന്നു. ബോണസും മററുമായി, ഗവമ്മെൻറിൽനിന്നു് $2\frac{1}{2}$ ലക്ഷത്തോളം ഉറുപ്പിക ഈ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളവക്കുവേണ്ടി ചിലവാക്കിവരുന്നുണ്ടു്.

സിൽക്കുനിമ്മാണം കഴിഞ്ഞു് ബാക്കിവരുന്ന പപ്പുപിപ്പുകളിൽനിന്നു് 'മട്ക്കി സിൽക്കു്' എന്നൊരു മാതിരി പട്ടു നിമ്മിക്കാൻ ഇപ്പോൾ സാധിക്കുന്നുണ്ടു്. ഇതിൻെറ നിമ്മാണം ഏതാണ്ടു് 1500 പേക്കു് സ്ഥിരമായ പ്രവൃത്തി നൽകിവരുന്നു. ഈയിടെ, അഖിലേന്ത്യാ കലാപ്രദശനത്തിൽ, കാശ്മീർ മട്ക്കി സിൽക്കിനു് സുവണ്ണമെഡൽ സമ്മാനം ലഭിക്കുകയുണ്ടായി.

ആറു ലക്ഷം രൂപാ ചിലവുവരുന്ന ഒരു യന്ത്രശാല, പട്ടുവ്യവസായത്തിനുവേണ്ടി പുതുതായി പണിയുന്നതിനുള്ള പദ്ധതി പൂത്തിയായിവരുന്നു. ഇതിനു വേണ്ട പണികൾക്കു് ഫ്രാൻസിലേക്കാണു് ഓർഡർ കൊടുത്തിരിക്കുന്നതു്.

ഒന്നാംതരം ഇനത്തിൽപെട്ട പട്ടുനൂൽ പുഴക്കളുടെ മുട്ടകൾ, വിദേശത്തുനിന്നു വാങ്ങുവാൻ, രണ്ടുലക്ഷം രൂപാ ചിലവാക്കുവാൻ കാശ്മീർ ഗവമ്മെൻറു് ഉദ്ദേശിക്കുന്നുണ്ടു്.

'സിനോർ റൊഡോൾഫൊ ലയോൺടി' എന്നൊരു ഇററാലിയൻ വിദഗ്ദ്ധനെ, ഈ വ്യവസായം വികസിപ്പിക്കുന്നതിനു വേണ്ട പ്രവത്തനങ്ങൾക്കായി ഈയിടെ നിയമിച്ചിരിക്കുന്നു.

സിൽക്കിൽ അച്ചടിവേലകൾ നടത്തുന്നതിനും കാശ്മീരിൽതന്നെ ഏപ്പാടുകൾ ചെയ്യുന്നുണ്ടു്. ഈ പദ്ധതിക്കു് 75000 രൂപാ ചിലവുവരും. ഈ തുക ഈ വഷത്തെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

---

# കൃഷി വിവരങ്ങൾ.

**ലോ**കത്തിൽ ഇന്നു നടന്നുപോരുന്ന കൃഷിയെക്കുറിച്ച് വിജ്ഞേയങ്ങളായ സ്ഥിതിവിവരങ്ങൾ, അമേരിക്കയിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു പുസ്തകത്തിൽ അടങ്ങിയിട്ടുണ്ട്.

ഭൂമുഖത്തുള്ള മൊത്തം സ്ഥലപ്രദേശത്തിൽ വെറും 7½ ശതമാനത്തിൽ മാത്രമെ ഇന്നു കൃഷി ചെയ്യുവരുന്നുള്ളു. അൻററാർട്ടിക്ക് പ്രദേശങ്ങൾ ഒഴികെയുള്ള സ്ഥലം മാത്രമെ ഈ കണക്കിൽ എടുത്തിട്ടുള്ളു. അങ്ങിനെ കൃഷി ചെയ്യപ്പെടുന്ന സ്ഥലത്തിൻെറ മുക്കാൽ ഭാഗത്തിലധികം 15 രാജ്യങ്ങളിൽ ഉൾക്കൊള്ളുന്നു. ലോകത്തിലെ ജനസംഖ്യയുടെ 62 ശതമാനവും പാക്കുന്നതു് ഈ 15 രാജ്യങ്ങളിലാണ്. വിളഭൂമികളുടെ വിതരണത്തിൽ ഭൂമിശാസ്ത്രപരമായും, ജനസംഖ്യാനുപാതികമായും ക്രമക്കേടുകൾ നിലവിലുണ്ടെന്ന് ഈ സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. അനുക്രമം വദ്ധിച്ചുവരുന്ന ലോകത്തിലെ മനുഷ്യരാശിയെ മുഴുവൻ പോററുവാൻ വേണ്ടുന്ന ഭക്ഷണസാധനങ്ങൾ കൃഷിചെയ്തെടുക്കാനുള്ള മാഗ്ഗങ്ങളെക്കുറിച്ചും ഈ പുസ്തകത്തിൽ സ്പശിച്ചിട്ടുണ്ട്. അമേരിക്കയിലെ ജനസംഖ്യ കഴിഞ്ഞ അമ്പതു വഷക്കാലത്തിനിടയിൽ ഇരട്ടിക്കയുണ്ടായി. കൃഷിഭൂമികളുടെ വിസ്തീണ്ണം ഈ കാലത്തിനിടയിൽ വെറും പത്തു ശതമാനം മാത്രമേ വദ്ധിച്ചുള്ളുവെങ്കിലും ഈ അധികരിച്ച ജനസംഖ്യക്കാവശ്യമായതിലധികം ആഹാരസാധനങ്ങൾ വിളയിച്ചെടുക്കുവാൻ അമേരിക്കയ്ക്കു സാധിച്ചു. പരിഷ്കൃതങ്ങളായ കാഷികസമ്പ്രദായങ്ങളാണ് വിസ്മയാവഹമായ ഈ നേട്ടത്തിനു നിദാനം.

ഭക്ഷ്യോല്പാദനവദ്ധനവിന് കടുംകൃഷിയും കൊടുംകൃഷിയും ഒരുപോലെ ആവശ്യമാണ്.

പുതിയ ഭൂമികൾ കലപ്പയ്ക്കു വിധേയമാക്കണമെങ്കിൽ അനേകം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരും. കാലദേശസ്ഥിതികൾ, ഗതാഗതസൗകര്യങ്ങൾ, മണ്ണിൻെറ ഗുണദോഷങ്ങൾ തുടങ്ങി, നാട്ടുകാരുടെ പ്രവത്തനസന്നദ്ധതവരെ പലതും പരിഗണിക്കേണ്ടിവരും. അധികച്ചിലവ് വേണ്ടിവരുന്ന ക്രാററൻ പദ്ധതികൾതന്നെ ചിലപ്പോൾ നടപ്പാക്കേണ്ടി വന്നേക്കും.

പഴക്കവും തഴക്കവും സിദ്ധിച്ചിട്ടുള്ള സാങ്കേതികവിദഗ്ദ്ധന്മാരുടെസഹായംകൊണ്ട് ഇന്നു പിന്നണിയിൽ കിടക്കുന്ന ചില രാജ്യങ്ങൾക്കും വളരെ മുന്നേറുവാൻ കഴിയുമെന്നതു തീച്ചയാണ്.

ഒരു മനുഷ്യന് 1·1 ഏക്കർ ഭൂമിവീതം ഇന്നു കൃഷി ചെയ്യപ്പെടുന്നുണ്ട്. ക്യാനഡാ, ആസ്ട്രേലിയ തുടങ്ങി ചില രാജ്യങ്ങളിൽ ഈ തലനിരക്ക് അധികമായിരിക്കുമ്പോൾ ഇററലി, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ കുറഞ്ഞുമിരിക്കുന്നു.

ലോകത്തിലെ വിവിധ രാജ്യങ്ങളിലെ വിളഭൂമികളുടെ വിതരണക്രമമാണ് ചുവടെ ചേക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നതു്.

| രാജ്യം | കൃഷിചെയ്യുന്ന ഭൂമി 1000 ഏക്കർ | ആകെയുള്ള ഭൂമിയിൽ കൃഷിഭൂമിയുടെ ശതമാനം | കൃഷിഭൂമിയുടെ തലനിരക്ക് | ലോകത്തിലെ കൃഷിഭൂമിയുടെ ശതമാനം |
|---|---|---|---|---|
| അമേരിക്കൻ ഐക്യനാട്ട് | 4,35,000 | 22·8 | 3·13 | 17·6 |
| സോവ്യറവ് നാട്ട് | 4,14,000 | 7·9 | 2·43 | 16·8 |
| ഇന്ത്യ | 3,82,610 | 37·9 | ·98 | 15·5 |
| ചൈന (22 പ്രവിശ്യകൾ) | 1,77,718 | 13·8 | ·29 | 7·2 |
| അർജൻറീന | 64,395 | 9·3 | 4·56 | 2·6 |
| ക്യാനഡ | 63,385 | 2·9 | 5·29 | 2·5 |
| ജമ്മനി | 49,918 | 42·8 | ·72 | 2·0 |
| ഫ്രാൻസ് | 49,338 | 36·3 | 1·22 | 2·0 |
| പോളൻവ് | 47,219 | 49·2 | 1·47 | 1·9 |
| സ്പെയിൻ | 44,556 | 35·6 | 1·65 | 1·8 |
| ഇററലി | 35,610 | 49·9 | 0·77 | 1·4 |
| ആസ്ത്രേലിയ | 34,865 | 1·7 | 4·71 | 1·4 |


*For all your Insurance Requirements—Please Consult*

# NEW INDIA ASSURANCE Co. LTD.

## H. O. BOMBAY

**India's Largest Composite Insurance Company**

**Sponsored by the House of Tatas.**

*Chairman,*
A. D. SHROFF.

*Vice Chairman,*
J. R. D. TATA.

New Business in { 1948—9,00,00,000
1949—11,67,00,000 }

**KERALA BRANCH:**

P. J. MATHAI,
Branch Secretary,
New India Assurance Company Ltd., Trivandrum.

# വാർത്തകളും കുറിപ്പുകളും.

## നെല്ല സംബന്ധമായി ഗവേഷണങ്ങൾ.

കട്ടാക്കിലെ, റൈസ് റിസെർച്ച് ഇൻസ്റ്റിററ്യൂട്ട് അവരുടെ കഴിഞ്ഞ വഷത്തെ പ്രവത്തനറിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഈ വഷത്തിൽ ഇന്ത്യയിലും പുറത്തുംനിന്ന് 2000-ത്തിൽ പരം ഇനം നെല്ലുകൾ ശേഖരിച്ച് പരീക്ഷണങ്ങൾക്ക് വിധേയമാക്കുകയുണ്ടായി. ഈ പരീക്ഷണങ്ങളുടെ ഫലമായി, ഇപ്പോൾ ഒരുപ്പൂ മാത്രം വിളയിച്ചുപോരുന്ന ഒറീസ്സായിലെ വയലുകളിൽ ചില പ്രത്യേക വിത്തുകൾ ഉപയോഗിച്ചാൽ ഇരുപ്പൂ കൃഷി നടത്താമെന്നു തെളിഞ്ഞിരിക്കുന്നു. ഗവേഷണങ്ങൾ ഇപ്പോഴും തുടരുകയാണ്. അവ വിജയിക്കുകയാണെങ്കിൽ, പ്രോവിൻസിലെ നെൽകൃഷി വളരെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. നെൽകൃഷിക്കുപയോഗിക്കേണ്ട വളങ്ങൾ, സസ്യരോഗനിവാരണമാർഗ്ഗങ്ങൾ തുടങ്ങി മററു പല പ്രധാന തുറകളിലും ഗവേഷണങ്ങൾ നടന്നുവരുന്നു.

## സിലോൺ കടലാസ് ഫാക്ററി

സിലോൺ ഗവണ്മെൻറ വക ഒരു കടലാസ് ഫാക്ററി ഉടൻ ആരംഭിക്കുന്നതാണെന്നറിയുന്നു. ആരംഭകാലങ്ങളിൽ 4000 ടൺ വീതവും, അതിനു ശേഷം 7500 ടൺ വീതവും കടലാസ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു വ്യവസായസ്ഥാപനമായിരിക്കും ഇതു്. കടലാസ് കൂടാതെ, കൃത്രിമ പലകകൾ മുതലായ ചില ഉപോല്പന്നങ്ങളും ഇവിടെ നിമ്മിക്കുന്നതായിരിക്കും. തൽക്കാലം പത്രക്കടലാസ് ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നാണറിയുന്നതു്.

## അമേരിക്കയിലെ പുതിയ ഉല്പന്നങ്ങൾ

പലേ ഇനങ്ങളിലും തരങ്ങളിലുമായി, 1950-ൽ ആയിരത്തോളം പുതിയ ഉല്പന്നങ്ങൾ അമേരിക്കയിൽ നിമ്മിക്കപ്പെട്ടുവെന്ന്, 'ന്യൂയോർക്ക് ജർണൽ ഓഫ് കോമേർസ്' റിപ്പോർട്ടു ചെയ്യുന്നു. യാന്ത്രികോപകരണങ്ങൾ തുടങ്ങി, നിത്യോപയോഗത്തിനുള്ള ഗാർഹികസാധനങ്ങൾ വരെ, ഇക്കൂട്ടത്തിൽ ഉൾപ്പെടും.

## കരിമ്പു വെട്ടുന്നതിനുള്ള യന്ത്രം

കരിമ്പു വെട്ടുന്നതിന് ഒരുതരം പുതിയ യന്ത്രം അമേരിക്കയിൽ തയ്യാർ ചെയ്യപ്പെട്ടിരിക്കുന്നു. കരിമ്പു വെട്ടുക മാത്രമല്ല, അതിൻെറ ഓലകൾ അരിഞ്ഞുകളഞ്ഞു്, വണ്ടിയിൽ കയററികൊടുക്കുന്ന ജോലികൂടി ഈ യന്ത്രം നിവ്വഹിക്കുന്നതായിരിക്കും. യന്ത്രം നടത്തുവാൻ മൂന്നുപേർ ആവശ്യമാണ്.

## അറക്കപ്പൊടികൊണ്ടു് നിർമ്മിക്കുന്ന വീടുകൾ

അറക്കപ്പൊടികൊണ്ടുണ്ടാക്കപ്പെട്ട വീടുകൾ ഉടനെ ലണ്ടനിൽ സ്ഥാപിച്ചു തുടങ്ങും. അറക്കപ്പൊടി, പലകകളായി പണിതെടുക്കുവാനുള്ള പദ്ധതി ബ്രൂക്ക്ലിൻ പോളിടെക്ക്നിക്കു് ഇൻസ്റ്റിററ്യൂട്ടിലെ, ഡോക്ടർ ഓത്മർ ആസൂത്രണം ചെയ്തതാണ്. നനയുന്നതുകൊണ്ടു് വീക്കുകയോ ചുരുങ്ങുകയോ, ദ്രവിക്കുകയോ ചെയ്യാത്ത ഈ ഉൽപ്പന്നം നിമ്മിക്കുന്നതിനുള്ള ചിലവു് വളരെ ചുരുക്കമാണ്. പൊടികൾ തമ്മിൽ യോജിപ്പിക്കുന്നതിന് റെസിൻ പ്രയോഗിക്കേണ്ടതില്ല. വിലകുറഞ്ഞ ഒരു രാസവസ്തുവാണ് റെസിനു പകരം ഉപയോഗിക്കുന്നതു്.

ഒരു ടൺ അറക്കപ്പൊടിയിൽനിന്ന് രണ്ടായിരം ചതുരശ്രഅടി പലകകൾ നിർമ്മിക്കാം. 40000 ഡോളർ ചിലവാക്കിയാൽ ഒരു കോടി ഡോളർ വിലക്കുള്ള പലകകൾ ഉണ്ടാക്കാമെന്ന് കണക്കാക്കിയിരിക്കുന്നു. വ്യവസായശാലയുടെ മുടക്കുമുതൽ നാലു ലക്ഷം ഡോളറായിരിക്കും.

## പുതിയ ലോഹസങ്കര ദ്രവ്യം

3000°F. ചൂടുകൊണ്ടും കേടുവരാത്ത ഒരു പുതിയ സങ്കരലോഹം 'അമേരിക്കൻ മെററൽ കോർപ്പറേഷൻ' കണ്ടുപിടിച്ചിരിക്കുന്നു. സിർകോണിയം, ബോറിയം ഇവ ചേർന്നതാണ് ഈ സങ്കരം. അത്യധികമായ ചൂടു സഹിക്കുമെന്നു മാത്രമല്ല, ഒരിഞ്ചിന് 75000 റാത്തൽ സമ്മർദ്ദം മേൽക്കാൻ തക്ക ശക്തിയും ഇതിനുണ്ട്. റോക്കററ് പ്രക്ഷേപണത്തിന് ഇതു വളരെ പ്രധാനമായ ഒരു കണ്ടുപിടുത്തമാണ്.

## സൾഫ്യൂറിക്ക് ആസിഡ് ചേർക്കാത്ത ഫോസ്ഫേററ് വളങ്ങൾ

കിഴക്കൻ ജർമ്മനിയിലെ ഒരു വ്യവസായശാലയിൽ സൾഫ്യൂറിക് ആസിഡ് ചേർക്കാത്ത ഫാസ്ഫേററ് വളങ്ങൾ നിർമ്മിച്ചുവരുന്നതായി അറിയുന്നു. പ്രതിദിനം 50 ടൺ വളം ഇതുപോലെ നിർമ്മിച്ചുവരുന്നുണ്ടത്രെ. പ്രതിവർഷം 150000 ടൺ നിർമ്മിക്കാവുന്ന ഒരു വലിയ പദ്ധതി മേയ് മാസത്തോടുകൂടി പൂർത്തിയാകുന്നതാണ്. വർഷത്തിൽ 50000 ടൺ സൾഫ്യൂറിക്ക് ആസിഡ് ആദായം വരുത്തുവാൻ ഈ പദ്ധതിക്ക് സാധിക്കും.

## മൈസൂറിൽ ഫെർട്ടിലൈസർ കമ്പനി

പ്രതിവർഷം 25000 ടൺ അമോണിയം സൾഫേററും, അത്രയുംതന്നെ നൈട്രോ ചാക്കും നിർമ്മിക്കാവുന്ന ഒരു വ്യവസായശാല മൈസൂറിൽ സ്ഥാപിക്കാൻ പോകുന്നു. ഇതിന്റെ മുതൽമുടക്ക് മൂന്നു കോടി രൂപയായിരിക്കും. ന്യൂയോർക്കിലെ കെമിക്കൽ 'കൺസ്ട്രക്ഷൻ കോർപ്പറേഷൻ' ആണ് ഇതിനാവശ്യമായ സാങ്കേതികോപദേശം നൽകുന്നത്.

## അമോണിയം സൾഫേററ് വിതരണം

ഈ വർഷത്തെ (1949—'50) സൾഫേററ് വിതരണത്തിൽ, വ്യാപാരസംബന്ധമായ വിളവുകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുള്ളതായറിയുന്നു. 68000 ടൺ അതായത് ആകെയുള്ളതിന്റെ മൂന്നിൽ ഒരു ഭാഗത്തിലധികം തേയില, കാപ്പി, ചണം, പരുത്തി എന്നീ കൃഷികൾക്ക് നൽകപ്പെട്ടിരിക്കുന്നു.

| | | | |
|---|---|---|---|
| തേയില | — | 30000 | ടൺ |
| കാപ്പി | — | 5000 | ,, |
| ചണം | — | 15000 | ,, |
| പരുത്തി | — | 10000 | ,, |

ഇതിനുംപുറമെ തെന്നിന്ത്യയിലെ യുണൈറഡ് പ്ലാൻറേഴ്സ് അസ്സോസിയേഷന് 8000 ടൺ പ്രത്യേകം അനുവദിച്ചിട്ടുമുണ്ട്. പലേ വ്യവസായങ്ങളുടേയും ആവശ്യത്തിലേക്ക് 8000 ടൺ നീക്കിവച്ചിട്ടുണ്ട്. പരുത്തികൃഷിക്ക് അനുവദിച്ചിട്ടുള്ള ഓഹരി ഇനിയും വർദ്ധിപ്പിക്കാൻ ആലോചിച്ചുവരുന്നു.

ഭക്ഷ്യോൽപ്പാദന വർദ്ധനവിലേക്കു വേണ്ടി പ്രവിശ്യകൾക്കും നാട്ടുരാജ്യഘടകങ്ങൾക്കുമായി 124000 ടൺ മൊത്തത്തിൽ ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. രൂപയുടെവില കുറക്കലോടുകൂടി ഡോളർപ്രദേശങ്ങളിൽ സൾഫേററിന്റെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കകൊണ്ട് ഇറക്കുമതി കഴിയുന്നത്ര നിയന്ത്രിക്കപ്പെട്ടിരിക്കയാണ്. അതിനാൽ പ്രവിശ്യകളുടെ ആവശ്യങ്ങൾ പൂർണ്ണമായും നിവർത്തിച്ചുകൊടുക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നത്.

## കായ്കറിത്തോട്ടങ്ങൾ

ഭക്ഷ്യോൽപ്പാദന വർദ്ധനവിലേക്ക്, രാജ്യവ്യാപകമായ പരിപാടികൾ ആവിഷ്ക്കരിക്കുമ്പോൾ, കായ്കറിത്തോട്ടങ്ങൾക്ക് ആ പരിപാടിയിൽ വലിയ പ്രാധാന്യമുണ്ടെന്ന പറവാൻ തരമില്ല. വീട്ടുമുറ്റങ്ങൾപോലും തരിശായിടാതെ, അവിടെ പച്ചക്കറികൾ കൃഷിചെയ്യണമെന്ന പ്രചരണം ഇന്ന സർവ്വത്ര കേൾക്കാനുണ്ട്. രാജ്യത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണ കഷകരുടെ ഇടയിൽ ഈ പ്രചരണം വളരെ പ്രയോജനപ്പെട്ടമെന്ന തോന്നുന്നില്ല. അവരെ പ്രവൎത്തനസന്നദ്ധരാക്കണമെങ്കിലും, അവരുടെ പ്രവൎത്തനം കൂടുതൽ കാര്യക്ഷമമാക്കണമെങ്കിലും ഇന്ന നാട്ടിൽ നിലവിലുള്ള കാൎഷികവ്യവസ്ഥിതിക്ക് മൗലികമായ ചില പരിവൎത്തനങ്ങൾ വരുത്തിയെ കഴിയൂ.

ഉന്നതസ്ഥാനങ്ങളിലെ, വിദ്യാസമ്പന്നരായ കൂട്ടർ, എത്രമാത്രം പ്രചരണം നടത്തിയാലും, സ്വന്തം പ്രവൎത്തനം കൊണ്ട് മാതൃക കാണിക്കാനൊരുമ്പെട്ടാലും, അവരിൽനിന്ന് വളരെ വ്യത്യസ്തമായ സാഹചര്യങ്ങളിൽ ജീവിച്ച് വിവിധങ്ങളായ വിഷമപ്രശ്നങ്ങളോട് ഏററുമുട്ടുന്ന സാധാരണ കഷകന് അതെല്ലാമൊരു കളിയായിട്ടെ തോന്നുകയുള്ളൂ.

എന്നാൽ ഇടത്തരക്കാരുടെ വിശേഷിച്ചും നാഗരീകരായവരുടെ ഇടയിൽ ഇമ്മാതിരി പ്രചരണങ്ങൾ പ്രായോഗികമായി പ്രയോജകീഭവിക്കുമെന്ന് ന്യായമായും പ്രതീക്ഷിക്കാം. വിത്തുകൾ വിതരണം ചെയ്യും, ചുരുങ്ങിയ കാലാവധിയിന്മേൽ വായ്പ്പകൾ കൊടുത്തും മററും ചില്ലറ ആനുകൂല്യങ്ങൾകൂടി ചെയ്തുകൊടുക്കാമെന്നുണ്ടെങ്കിൽ ഇക്കൂട്ടരുടെ ഇടയിൽ ഈ പ്രസ്ഥാനം വിജയിപ്പിക്കാൻ വിഷമമില്ല. ഈ വിഷയത്തിൽ മദ്രാസ് ഗവണ്മെൻറ് ആരംഭിച്ചിരിക്കുന്ന പദ്ധതി തികച്ചും അനുമോദനാർഹമാണ്.

പട്ടണവാസികളായ ഇടത്തരക്കാരുടെ ദൈനംദിനാഹാരത്തിൽ ജീവകാംശങ്ങളുടെ പോരായ്മ വളരെയുണ്ട്. ഗാർഹികതോട്ടങ്ങളിലെ ഉൽപ്പാദനം ഈ പോരായ്മയെ പരിഹരിക്കുമെന്ന മാത്രമല്ല, ഇക്കൂട്ടരെ സാമ്പത്തികമായിട്ടും ഈ പ്രസ്ഥാനം സഹായിക്കും. അഞ്ചംഗങ്ങളുള്ള ഒരു ഇടത്തര കുടുംബം, ഒരു മാസത്തിൽ, കായ്കറികൾക്കുവേണ്ടി ശരാശരി 30 രൂപാ ചിലവാക്കുന്നുണ്ട്. ഈ തുക, അവർ റേഷൻധാന്യങ്ങൾ വാങ്ങാൻ ചിലവാക്കുന്നതിലും കൂടുതലായിരിക്കും. വീട്ടുമുററത്തുതന്നെ കായ്കറികൾ കൃഷിചെയ്തുണ്ടാക്കാമെങ്കിൽ ഇവരുടെ ആഹാരച്ചിലവ് കാര്യമായി ലഘൂകരിക്കാൻ സാധിക്കും. ഭക്ഷ്യധാന്യങ്ങളുടെ ക്ഷാമവും ഈ പദ്ധതികൊണ്ട് പരോക്ഷമായിട്ടെങ്കിലും കുറെയൊക്കെ പരിഹരിക്കാൻ കഴിയും.

## കേരളത്തിൽ

ഇന്ത്യയ്ക്കു പൊതുവെ ഇതൊരു നാഗരീക പദ്ധതിയായുപകരിക്കുമെങ്കിലും കേരളത്തിൽ മാത്രം ഇതു പൊതുവെ പ്രയോജനപ്പെടും. എന്തുകൊണ്ടെന്നാൽ, കേരളത്തിലെ ഒരു സാധാരണ ഗ്രാമത്തിന് ഇന്ത്യയുടെ മററു ഭാഗങ്ങളിലെ ഒരു സാധാരണ നഗരവുമായി സാദൃശ്യമുണ്ട്. ജനബാഹുല്യം, സംസ്കാരം, വിദ്യാഭ്യാസം, തൊഴിൽ ഇങ്ങനെ അനേകം കാര്യങ്ങളിൽ കേരളീയ ജീവിതത്തിന് ഒരു നാഗരികത്വമുണ്ട്. ഈ പ്രത്യേക പരിതസ്ഥിതിയിൽ ഈ പദ്ധതി കേരളത്തിന് അത്യന്തം അനുയോജ്യമായിരിക്കും. ഇതിലേക്ക് ഗവണ്മെൻറിൻെറ ശ്രദ്ധ പതിയുമെങ്കിൽ ഈ പദ്ധതിയുടെ, വിശദാംശങ്ങൾ ആവിഷ്ക്കരിച്ച് പ്രവൎത്തിയിൽ കൊണ്ടുവരാനുള്ള ഒരു സംരംഭം അധികൃതസ്ഥാനങ്ങളിൽനിന്നുണ്ടാകുമെങ്കിൽ—നാട്ടിന് അതൊരു നന്മയായിരിക്കും, സംശയമില്ല.

# എഫ്. എ. സി. ററി. — കലാസമിതി

എഫ്. എ. സി. ററി. കലാസമിതിയുടെ ഉൽഘാടനയോഗവും കലാപ്രദർശനങ്ങളും ഫെബ്രുവരി 7-ാംനു- വൈകീട്ട് ആഘോഷസമന്വിതം നടക്കുകയുണ്ടായി. സമ്മേളനസ്ഥലമായ ഡോർമിററിയുടെ മുൻവശം, വിവിധവർണ്ണങ്ങളായ വൈദ്യുതദീപങ്ങളാലും മററും കമനീയമായി അലങ്കരിക്കപ്പെട്ടിരുന്നു. അഞ്ചര മണി ആയപ്പോഴെക്കും തൊഴിലാളികളും നാട്ടുകാരും ഉൾപ്പെട്ട രണ്ടായിരത്തിലധികം വരുന്ന ഒരു പ്രേക്ഷകസംഘം സമ്മേളനസ്ഥലത്ത് അണിനിരന്നിരുന്നു.

ശ്രീമാൻ പോട്ടയിൽ എൻ. ജി. നായരുടെ സ്വാഗതപ്രസംഗത്തിനു ശേഷം മഹാകവി വള്ളത്തോൾ ഉൽഘാടനപ്രസംഗമാരംഭിച്ചു. ഒരു വെറും കുഗ്രാമമായിരുന്ന ഏലൂർ ഇന്നൊരു മഹാനഗരംപോലെ മനോഹരമാക്കിയെടുത്ത ഫാക്ററ് കമ്പനിയെക്കുറിച്ച്, തൻെറ ആസ്വാദനാഭിനന്ദനങ്ങൾ മഹാകവി ആദ്യമായി രേഖപ്പെടുത്തുകയുണ്ടായി. മണ്ണിന് വീര്യവും പശിമയുമുണ്ടാകുവാൻ വേണ്ടിയുള്ള ഈ വ്യവസായത്തിൻെറ പ്രവർത്തനത്തെ അദ്ദേഹം ഹാർദ്ദമായി അനുമോദിച്ചു. തുടർന്ന് അദ്ദേഹം ചെയ്ത ഗംഭീരമായ പ്രസംഗം ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം.

“കല എന്നു കേൾക്കുമ്പോൾ ആലുവാപ്പുഴയുടെ ഹൃദയം തുടിക്കും. പാശ്ചാത്യന്മാർപോലും വളരെ പ്രശംസിച്ചിട്ടുള്ള ആ പ്രാചീന സർവ്വകലാശാല — തിരുവഞ്ചിക്കുളം — ഈ പുഴയുടെ പതനസ്ഥാനത്താണ് പ്രവർത്തിച്ചുപോന്നിരുന്നത്. സരസമഹാകവി ആയിരുന്ന തോലൻ ജീവിച്ചിരുന്നതും ഈ ചൂർണ്ണീനദിയുടെ തീരത്താണ്. വിശ്വവിശ്രുതനായ യോഗിവര്യൻ ശ്രീ. ശങ്കരാചാര്യർ — ഒരു സകലകലാവല്ലഭനായ അദ്ദേഹത്തിൻെറ ജനനത്താലും ഈ പെരിയാറിൻെറ തീരം മഹനീയമാണ്. അങ്ങിനെ കലാപരമായും വളരെയധികം പാരമ്പര്യമുള്ള ഒരു സ്ഥലമാണ് ചൂർണ്ണീനദീതീരം. കലയെന്നു കേൾക്കുമ്പോൾ കോരിത്തരിക്കുന്ന പെരിയാർ മരതകാഭമായ തൻെറ ഒരു കൈയ്യ് തെക്കോട്ടു നീട്ടിയിരിക്കയാണ് — ഏലൂരിനെ തഴുകി താലോലിക്കാൻ. അമ്മാതിരി ഒരന്തരീക്ഷത്തിൽ പ്രവർത്തിച്ചുപോരുന്ന ഇവിടത്തെ തൊഴിലാളികൾ കലാപ്രണയികളായിരിക്കുന്നതിൽ അതിശയിക്കാനൊന്നുമില്ല.

തുടർന്ന് മഹാകവി ഇന്നു് സാഹിത്യത്തെക്കുറിച്ച് നിലവിലുള്ള അഭിപ്രായങ്ങളേയും, അഭിപ്രായവ്യത്യാസങ്ങളേയുംകുറിച്ച് കൂലങ്കഷമായി പ്രതിപാദിച്ചു. പഴയ സാഹിത്യം പ്രഭുസാഹിത്യമായതിനാൽ അതു നശിപ്പിക്കണമെന്ന് അഭിപ്രായപ്പെടുന്ന പു. സ.-ക്കാരെ അദ്ദേഹം നിശിതമായി വിമർശിച്ചു. അങ്ങിനെയാണെങ്കിൽ ഭാരതത്തിൻെറ ജീവനാഡികളായ രാമായണം, ഭാരതം മുതലായ മഹാഗ്രന്ഥങ്ങൾ മാത്രമല്ല, വിശ്വസാഹിത്യത്തിലെ ‘പാവങ്ങൾ’ തുടങ്ങിയ കൃതികൾപോലും നശിപ്പിക്കേണ്ടതായി വരുമെന്ന് അദ്ദേഹം സമർത്ഥിച്ചു. സാഹിത്യത്തിൻെറ ഗുണദോഷം നിർണ്ണയിക്കേണ്ടതു്, അതു പഴയതോ പുതിയതോ എന്നു നോക്കിയല്ല, അതിൽ പ്രതിപാദിക്കുന്നതു് ഏതു വർഗ്ഗത്തിൻെറ കാര്യമാണെന്നു നോക്കിയല്ല, അതിൻെറ അനുഭോക്താക്കളുടെ ഹൃദയത്തിൽ ആനന്ദവും പൗരുഷവും വളർത്താൻ അതുപകരിക്കുന്നുണ്ടോ എന്നുമാത്രം നോക്കിയായിരിക്കണം എന്ന് മഹാകവി ശക്തിപൂർവ്വം വാദിച്ചു.

സാഹിത്യത്തിൽ നിലവിലുള്ള ഈ അഭിപ്രായവൈകല്യംതന്നെ രാഷ്ട്രീയരംഗത്തിലും പ്രത്യക്ഷപ്പെടുന്നതിനേയും അദ്ദേഹം സ്പർശിക്കയുണ്ടായി. സ്വാതന്ത്ര്യലബ്ധി

ക്കുശേഷം ത്യാഗിവര്യന്മാരും ജനദാസന്മാരുമായ ദേശീയനേതാക്കന്മാരുടെ ഭരണകാലത്തും, അന്തഃഛിദ്രവും അട്ടിമറിപ്പൻ പ്രസ്ഥാനങ്ങളും ഇളക്കിവിടുന്ന ശിഥിലീകരണശക്തികളെ മഹാകവി അതികഠിനമായ ഭാഷയിൽ അപലപിച്ചു.

കന്യാകുമാരി മുതൽ ബോംബെ വരെ 150 അടി വീതിയിൽ ഒരു റോഡു വെട്ടുന്നതിലും വളരെ ഏറെ ശ്രേഷ്ഠമായിരിക്കും ഇൻഡ്യയിലെ ഏഴ ലക്ഷം ഗ്രാമങ്ങളിൽ ഓരോന്നിലും ഓരോ ഒററയടിപ്പാതയെങ്കിലും വെട്ടിത്തെളിക്കുന്നത്. അതിനുവേണ്ടി കൈക്കോട്ടെടുക്കുവിൻ! അവിടങ്ങളിലെ കൂരക്കുടിലുകളിലെ അന്ധകാരത്തിലേക്ക് വിദ്യയാകുന്ന കൈത്തിരിയുടെ പ്രകാശം പ്രവേശിക്കുവാൻ അതുപകരിക്കും. ജനതാമധ്യത്തിൽ സംസ്കാരത്തിന്റെ അസ്ഥിവാരമായ വിദ്യയുടെ പ്രചരണമായിരിക്കട്ടെ, കലാസമിതിയുടെ പ്രവർത്തനലക്ഷ്യമെന്നുള്ള പ്രൗഢമായ ഒരു ഉൽബോധനത്തോടുകൂടി മഹാകവി ഉൽഘാടനം നിർവ്വഹിച്ചു.

മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ വിജ്ഞേയമായ പ്രഭാഷണമാണ് അതിനുശേഷം നടന്നത്.

നാട്ടിലെ നഷ്ടദാരിദ്ര്യം പരിഹരിക്കുന്നതിനുവേണ്ടി, ബഹുഭൂരിപക്ഷം വരുന്ന കർഷകരുടെ കഷ്ടപ്പാടും പട്ടിണിയും നീക്കി അവരുടെ ജീവിതത്തോതുയർത്തുന്നതിനുവേണ്ടി, പ്രവർത്തിക്കുന്ന ഈ വ്യവസായസ്ഥാപനം ശ്രേഷ്ഠതരമാണെന്നും നാട്ടിന്റെ പുരോഗതിയുടെ ചിഹ്നങ്ങളായ ഇമ്മാതിരി വ്യവസായങ്ങൾ നാട്ടിലെങ്ങും വളർന്നുകാണ്മാൻ താൻ ആഗ്രഹിക്കുന്നുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു.

തുടർന്ന് കലാലോകത്തിൽ നിലവിലുള്ള അഭിപ്രായങ്ങളുടെ ഗതിവിഗതികളെക്കുറിച്ച് അദ്ദേഹം സാരഗർഭമായി പ്രതിപാദിച്ചു. മനുഷ്യത്വപരമായ മൂല്യങ്ങളാണ് സാഹിത്യത്തിന്റെ വില നിർണ്ണയിക്കുന്നതെന്നും, ആ നിലയിൽ നോക്കുമ്പോൾ മെച്ചപ്പെട്ട സാഹിത്യകൃതികൾ, മാർക്സിന്റെ ജനനത്തിന് ആയിരമായിരം കൊല്ലങ്ങൾക്കു മുമ്പിലും ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കലാകാരൻ ജനതക്കുവേണ്ടി ജീവിക്കയും പ്രവർത്തിക്കയും ചെയ്യേണ്ടതാണെന്ന തത്വവും അത്ര പുത്തരിയൊന്നുമല്ലെന്നും, ബുദ്ധന്റെ കാലത്തുതന്നെ ആ ആദർശം പ്രായോഗികമായി നിലവിലുണ്ടായിരുന്നെന്നും അദ്ദേഹം സോദാഹരണം സമർത്ഥിച്ചു. ജനതയുടെ ജീവിതത്തിൽ സുഖം, സമാധാനം, സൗന്ദര്യബോധം ഇവ വർദ്ധിപ്പിക്കാൻ വേണ്ടിയായിരിക്കണം കലാകാരന്മാരുടേയും കലാസമിതികളുടേയുമെല്ലാം പ്രവർത്തനലക്ഷ്യമെന്ന് യുക്തിയുക്തം സമർത്ഥിച്ചുകൊണ്ട് അദ്ദേഹം തന്റെ ഉജ്വലമായ പ്രഭാഷണം ഉപസംഹരിച്ചു.

കലാപ്രകടനങ്ങളാണ് അടുത്തതായി നടന്നത്. ശ്രീ. ഇലഞ്ഞിക്കൽ സഹോദരിമാരുടെ നൃത്തങ്ങൾ, ഇലഞ്ഞിക്കൽ സഹോദരന്മാരുടെ ഗാനമേളങ്ങൾ സരസ കഥാപ്രാസംഗികനായ ശ്രീ. പി. ശേഖരന്റെ കഥാപ്രസംഗം ഇവയ്ക്കുശേഷം ഏതാണ്ട് പത്തു മണിയോടുകൂടി പരിപാടികൾ പര്യവസാനിച്ചു.